ഈ മൂന്ന് പദ്ധതികൾക്കായി 67.55 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഭൂജല വകുപ്പ് ഡയറക്ടറുടെ കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ തരൂർ ഗ്രാമപഞ്ചായത്തിലെ ആനവളവിൽ 1,76,380 രൂപ ചെലവിൽ പമ്പിംഗ് വാട്ടർ സപ്ലൈ സ്കീം പദ്ധതിയും കിഴക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ വയറാശ്ശേരിയിൽ 28210 രൂപ ചെലവിൽ ഹാന്റ് പമ്പ് സ്കീം പദ്ധതിയും കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ ചെമ്പൻകാട് എന്ന സ്ഥലത്ത് 1,10,171 രൂപ ചെലവിൽ പമ്പിംഗ് വാട്ടർ സപ്ലൈ സ്കീം പദ്ധതിയും മേലാർക്കോട് ഗ്രാമപഞ്ചായത്തിൽ കിളിയല്ലൂരികിൽ 26,475 രൂപ ചെലവിൽ ഹാന്റ് പമ്പ് സ്കീം പദ്ധതിയും ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ചെങ്കൽപെറ്റയിൽ 35,083 രൂപ ചെലവിൽ ഹാന്റ് പമ്പ് സ്കീം പദ്ധതിയും നടപ്പിലാക്കി.

ചീഫ് എഞ്ചിനീയറുടെ (പ്രോജക്ട്-1) കീഴിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പൂർത്തീകരിച്ച പദ്ധതികളായ മംഗലം, ചേരാമംഗലം, എന്നിവയുടെ വാർഷിക അറ്റകുറ്റപണികൾക്കായി ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു :

1. മംഗലം പദ്ധതി-269.20 ലക്ഷം രൂപ
2. ചേരാമംഗലം പദ്ധതി-225.38 ലക്ഷം രൂപ

കൂടാതെ മംഗലം പദ്ധതിക്കായി (ടൂറിസം വികസനം) 250 ലക്ഷം രൂപയും മലമ്പുഴ പദ്ധതിയുടെ നവീകരണ പ്രവൃത്തികൾക്കായി എഐബിപിയിൽ ഉൾപ്പെടുത്തി 111.14 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ജലനിധിയുടെ കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ കാവശ്ശേരി പഞ്ചായത്തിൽ വലിയപറമ്പ് കെ.ഡബ്ല്യൂ.എ. പുനരധിവാസ പദ്ധതിയിൽ 1024 ഗുണഭോക്താക്കൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട്. 41,76,375 രൂപ ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

കാഡയുടെകീഴിൽ 75% കേന്ദ്ര സഹായത്തോടെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പദ്ധതിപ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിയ കുളങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ചീരാത്തു പാടം-15,85,195-2006-08
2. ചെറുകുളം-9,95,898-2007-08

പേരാമ്പ്രമണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിയ വിവിധ പദ്ധതികൾ

113 (1841) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്രമണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ, ചെലവഴിച്ച തുക എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇലങ്കംകുളം, പാണാംപഴിഞ്ഞികുളം, വേടംകോണംകുളം എന്നിവയുടെ നവീകരണം

114 (1842) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തിലെ കരമന വാർഡിലെ ഇലങ്കംകുളം, ജഗതി വാർഡിലെ പാണാംപഴിഞ്ഞികുളം, ചെങ്കള്ളൂർ വാർഡിൽ വേടംകോണംകുളം എന്നിവ ജലസേചനവകുപ്പ്മുഖേന നവീകരിക്കുന്നുണ്ടോ ;

(ബി) ഇവയ്ക്കായി യഥാക്രമം എത്ര തുക ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇവ നവീകരിക്കുന്നതിന് തീരുമാനം എടുത്തത് എന്നാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ജഗതിവാർഡിലെ പാണാംപഴിഞ്ഞികുളം, ചെങ്കള്ളൂർ വാർഡിലെ വേടംകോണംകുളം എന്നിവ ജലസേചന വകുപ്പിന്റെ കുളങ്ങളുടെ നവീകരണത്തിനുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കരമനവാർഡിലെ ഇലങ്കംകുളത്തിന്റെ നവീകരണം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പാണാംപഴിഞ്ഞികുളം - 28.90 ലക്ഷം രൂപ

വേടംകോണം കുളം - 6.90 " "

(സി) 18-10-2010-ലെ G.O.(Rt) 1219/10/WRD പ്രകാരമാണ് തീരുമാനമെടുത്തത്.

പള്ളുരുത്തി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

115 (1843) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പിന്റെമേൽ നോട്ടത്തിൽ പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള പദ്ധതികളുടെ തുകയടക്കമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിടാത്ത 113(1841)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

കമ്മീഷൻചെയ്ത സ്കീം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1. നൊച്ചാട് പഞ്ചായത്ത് :	
(i) വാർഡ് 1 നൊച്ചാട്	10.03
(ii)വാർഡ് 10 നൊച്ചാട്	10.11
2. കൂത്താളി പഞ്ചായത്ത് :	
(i) വാർഡ് 5 കൂത്താളി	7.49
(ii) വെള്ളപ്പാറക്കൽ കോളനി	20.75
3. പേരാമ്പ്ര പഞ്ചായത്ത് :	
വാർഡ്-4 പേരാമ്പ്ര	13.92
4. ചെറുവണ്ണൂർ പഞ്ചായത്ത്	
വാർഡ്-2-ചെറുവണ്ണൂർ	17.17

പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നത്	ചെലവഴിച്ച തുക	ഇപ്പോഴത്തെ അവസ്ഥ
1. നൊച്ചാട് പഞ്ചായത്ത് :		
(i) വാർഡ്-3-നൊച്ചാട്	6.35 ലക്ഷം	വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ട്.
(ii) വാർഡ്-5-നൊച്ചാട്	10.32 "	ഒ.വൈ.ഇ.സി. ഇനത്തിൽ 7 ലക്ഷം രൂപഅടയ്ക്കേണ്ടതുണ്ട്.
(iii) വാർഡ്-6-നൊച്ചാട്	11.43 "	0.89 ലക്ഷം രൂപ ഒ. വൈ. ഇ.സി. ഇനത്തിൽ അടയ്ക്കേണ്ടതുണ്ട്.
2. ചങ്ങരോത്ത് പഞ്ചായത്ത് :		
(i) മുണ്ടുത്തടം കോളനി	20.78 ,,	ഒ.വൈ.ഇ.സി. ഇനത്തിൽ 689867 രൂപ അടയ്ക്കേണ്ടതുണ്ട്.
(ii) പൂമുള്ളമല കോളനി	8.75 "	പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു.
(iii) കുറ്റിയൽ കോളനി	13.57 "	പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു.
3. ചക്കിട്ടപ്പാറ പഞ്ചായത്ത് :		
കൊളത്തൂർ എസ്റ്റേറ്റ് കോളനി	4.26 "	പ്രവൃത്തി പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly